Draft #15 of File 122557/P&D 2-1/2022/P&D 2 Approved by ASSISTANT REGISTRAR III (ADMIN) on 07-Oct-2026 04:36 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവകലാശാല - ഭരണകാര്യം - സർവകലാശാലയുടെ സ്റ്റുഡന്റ് വെബ് സെന്ററിൽ 2025 ജനുവരി മാസം മുതൽ 2025 ആഗസ്റ്റ് മാസം വരെ ജോലി ചെയ്ത ഗവേഷക വിദ്യാർത്ഥികളുടെ വേതനമായി 2,05,200/- രൂപയും പ്രസ്തുത കാലയളവിലെ സ്റ്റുഡന്റ് കോ - ഓർഡിനേറ്ററുടെ ഇൻസെന്റീവായി 7,500/- രൂപയുമടക്കം ആകെ 2,12,700/- രൂപ (രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ് രൂപ മാത്രം) സ്റ്റുഡന്റ്സ് വെബ് സെന്റർ കോ ഓർഡിനേറ്ററായ ഡോ.ബിജു എം.കെ യുടെ പേരിൽ അനുവദിക്കുന്നത് സംബന്ധിച്ച് - 08.09.2026 തീയതിയിലെ സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 2**

നമ്പർ. 8834/P&D 2/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.10.2026

---

*പരാമർശം:*-1. 28.01.2026 തീയതിയിൽ സ്റ്റുഡന്റ്സ് വെബ് സെന്റർ കോ - ഓർഡിനേറ്റർ ഡോ.ബിജു എം.കെ സമർപ്പിച്ച അപേക്ഷ.
2. ശ്രീ. ജോസ് അഗസ്റ്റിൻ,കുന്നേൽ വീട്, തൊടുപുഴ 17.02.2026 തീയതിയിൽ ഇ-മെയിൽ മുഖേന സമർപ്പിച്ച പരാതി.
3. സർവകലാശാല ഉത്തരവ് നം.3054/P&D 2/2026/എം.ജി.യു, തീയതി: 21.03.2026.
4. സർവകലാശാല ഉത്തരവ് നം. 5979/P&D 2/2026/എം.ജി.യു, തീയതി: 12.06.2026.
5. 08.09.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം നം. 100/26.09/122557/P&D 2-1/2022/P&D 2).

**ഉത്തരവ്**

സർവകലാശാലയുടെ സ്റ്റുഡന്റ് വെബ് സെന്ററിൽ 2025 ജനുവരി മാസം മുതൽ 2025 ആഗസ്റ്റ് മാസം വരെ ജോലി ചെയ്ത ഗവേഷക വിദ്യാർത്ഥികളുടെ വേതനവും പ്രസ്തുത കാലയളവിലെ സ്റ്റുഡന്റ് കോ ഓർഡിനേറ്ററുടെ ഇൻസെന്റീവ് തുകയും അനുവദിക്കുന്നതിനായി ഷിഫ്റ്റ് ഡ്യൂട്ടി നിർവഹിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ പേരും അവർ നിർവഹിച്ച ഡ്യൂട്ടികളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ സൂചന (1) പ്രകാരം സ്റ്റുഡന്റ്സ് വെബ് സെന്റർ കോ - ഓർഡിനേറ്റർ ഡോ.ബിജു എം.കെ അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത അപേക്ഷ സർവകലാശാല ഫിനാൻസ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ഇതു പ്രകാരം ഗവേഷക വിദ്യാർത്ഥികൾക്ക് അകെ 684 ഡ്യൂട്ടിക്ക് 300/- രൂപ നിരക്കിൽ 2,05,200/- രൂപയും (രണ്ട് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ് രൂപ മാത്രം) സ്റ്റുഡൻറ് കോ - ഓർഡിനേറ്റർക്ക് പ്രതിമാസം 1,500/- രൂപ നിരക്കിൽ 2025 ജനുവരി മുതൽ 2025 മെയ് വരെയുള്ള കാലയളവിൽ ആകെ 7500/- രൂപയും (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചേർത്ത് ആകെ 2,12,700/- രൂപ (രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ് രൂപ മാത്രം) നൽകാവുന്നതാണെന്ന് ഫിനാൻസ് വിഭാഗം ശിപാർശ ചെയ്യുകയുണ്ടായി.

സ്റ്റുഡന്റ് വെബ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് 17.02.2026 തീയതിയിൽ ശ്രീ.ജോസ് അഗസ്റ്റിൻ, കുന്നേൽ വീട്, തൊടുപുഴ, സൂചന (2) പ്രകാരം, സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന (3) പ്രകാരം,അന്വേഷണ കമ്മീഷനെ സിൻഡിക്കേറ്റ് നിയോഗിച്ചിരുന്നു.സിൻഡിക്കേറ്റ് നിയോഗിച്ച ടി അന്വേഷണ കമ്മീഷൻ പ്രസ്തുത പരാതി വസ്തുതാവിരുദ്ധമാണെന്നും കൂടാതെ സർവകലാശാലയിൽ നിലവിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ

ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമായ സാഹചര്യത്തിൽ നിലവിലുള്ള വെബ് സെന്ററിന്റെ പ്രവർത്തനം നിർത്തലാക്കാൻ ശിപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് 20.05.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ആയത് സൂചന (4) പ്രകാരം സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ, സർവ്വകലാശാലയുടെ സ്റ്റുഡന്റ് വെബ് സെന്ററിൽ 2025 ജനുവരി മാസം മുതൽ 2025 ആഗസ്റ്റ് മാസം വരെ ജോലി ചെയ്ത ഗവേഷക വിദ്യാർത്ഥികളുടെ വേതനമായി 2,05,200 /- രൂപയും പ്രസ്തുത കാലയളവിലെ സ്റ്റുഡന്റ് കോ ഓർഡിനേറ്ററുടെ ഇൻസെന്റീവായി 7,500/- രൂപയുമടക്കം ആകെ 2,12,700/- രൂപ (രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ് രൂപ മാത്രം) സ്റ്റുഡന്റ്സ് വെബ് സെന്റർ കോ ഓർഡിനേറ്ററായ ഡോ.ബിജു എം.കെ യുടെ പേരിൽ അനുവദിക്കുന്നതിനുള്ള പേയ്മെന്റ് പ്രൊപ്പോസൽ സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുവാൻ 04.07.2026 തീയതിയിൽ ബഹു.വൈസ് ചാൻസലർ ഉത്തരവായിരുന്നു.

08.09.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മേൽ പരാമർശിച്ച പേയ്മെന്റ് പ്രൊപ്പോസൽ പരിഗണിക്കുകയും, പരാമർശം (5) പ്രകാരം, താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി:-

"സർക്കാർ, സർവകലാശാല - ഫെല്ലോഷിപ്പുകൾ വാങ്ങുന്ന ഗവേഷക വിദ്യാർത്ഥികൾ മറ്റൊരു വരുമാന മാർഗ്ഗങ്ങളിലും വ്യാപൃതരാവാൻ പാടില്ലെന്ന നിയമമുണ്ട്. സ്റ്റുഡന്റ്സ് വെബ് സെന്ററിൽ ജോലി ചെയ്ത ഗവേഷക വിദ്യാർത്ഥികളും സ്റ്റുഡൻറ് കോർഡിനേറ്റർമാരും മറ്റ് ഫെല്ലോഷിപ്പുകൾ /വേതനം കൈപ്പറ്റുന്നവരാണോയെന്നത് ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെടുത്തിയും മറ്റ് ഫെല്ലോഷിപ്പ് / ആനുകൂല്യങ്ങൾ ഇല്ലാത്തവർക്ക് മാത്രമാണ് വേതനം ക്ലെയിം ചെയ്തിട്ടുള്ളതെന്ന കോർഡിനേറ്റർ ഡോ.ബിജു എം കെയുടെ സത്യവാങ്മൂലം ഉൾപ്പെടുത്തിയും ഫയൽ പുനഃസമർപ്പിക്കുവാൻ തീരുമാനിച്ചു. ഗവേഷണ വിദ്യാർത്ഥികളുടെ അറ്റന്റൻസ് ഡീറ്റെയിൽസ് കൂടി ഉൾപ്പെടുത്തേണ്ടതാണ്."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷ്ണകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കോർഡിനേറ്റർ, സ്റ്റുഡന്റ് വെബ് സെന്റർ, മഹാത്മാഗാന്ധി സർവ്വകലാശാല.
2. വി.സി യുടെ പി.എസ്
3. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ -മാർ
4. എ.ആർ III (ഭരണ വിഭാഗം ) / ഡി.ആർ (പി & ഡി ) / ജെ.ആർ 1 (ഭരണ വിഭാഗം)
5. ഓഡിറ്റ് 1/ എഡി.ഡി / ഐ.ടി സെൽ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6. എസി. സി 1/ ഐ.ക്യു.എ.സി / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #15 of File 122557/P&D 2-1/2022/P&D 2 Approved by ASSISTANT REGISTRAR III (ADMIN) on 07-Oct-2026 04:36 PM - Page 2

The document is digitally approved. Hence signature is not needed.